(ബി) ഉണ്ട്, പരിശോധിച്ചുവരുന്നു.

(സി) സുൽത്താൻബത്തേരി താലൂക്കിൽ എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം 10000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 കിലോ അരിവീതം 100 ടൺ അരിയും പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരം 8500 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 45.05 ടൺ അരിയും 89 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആവശ്യമായ വസ്ത്രങ്ങളും 73 കുടുംബങ്ങൾക്ക് ആവശ്യമായ പാത്രങ്ങളും വിതരണം നടത്തിയിട്ടുണ്ട്. മാനന്തവാടി താലൂക്കിലെ 1185 കുടുംബങ്ങൾക്ക് 10 കിലോ അരിവീതം 11850 കിലോഗ്രാം അരിയും 631 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആവശ്യമായ പാത്രങ്ങളും വസ്ത്രങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

"അംബേദ്കർ ഭവൻ" പ്രവർത്തനങ്ങൾ

122 [279] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന "അംബേദ്കർ ഭവൻ" പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) അംബേദ്കർ ഭവന്റെ പ്രവർത്തന പരിധി, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കുമോ;

(സി) ഈ സംവിധാനം എന്ന് മുതൽ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

(ഡി) ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനായി ഏതെങ്കിലും സർവ്വകലാശാലകൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) അംബേദ്കർ പ്രതിമാ നിർമ്മാണത്തിന് വിദഗ്ദ്ധ ശില്പിയെ നിശ്ചയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അംബേദ്കർ ഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവനന്തപുരത്തെ മണ്ണന്തലയിലെ സ്ഥലം പി.ഡബ്ല്യു.ഡി. ചീഫ് എൻജിനീയർ (ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ്) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമൊത്ത് പട്ടികജാതി വികസന ഡയറക്ടർ സന്ദർശിക്കുകയും ഉള്ളൂർ വില്ലേജാഫീസിൽ നിന്നും സ്ഥലത്തെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് കോണ്ടൂർ സർവ്വേയും മറ്റും നടത്തുന്നതിലേക്കായി കൈമാറ്റം ചെയ്യുന്നതിന് റിക്കാർഡുകൾ തയ്യാറാക്കിയ സ്ഥലത്തിന്റെ അതിര് ഡിമാർക്ക് ചെയ്യുന്നതിന് നടപടികൾ തുടരുന്നു. അംബേദ്കർ ഭവനത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് നടപടികൾ സ്വീകരിക്കാൻ ദക്ഷിണമേഖലാ സുപ്രണ്ടിംഗ് എൻജിനീയറോട് (കെട്ടിട വിഭാഗം) ചീഫ് എൻജിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിൽ ഒരു പ്രധാന ചുവടുവയ്പ് എന്നു കരുതപ്പെടുന്ന അംബേദ്കർ ഭവനിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഡിറ്റോറിയം, ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട് ഗ്യാലറി, സിവിൽ സർവീസ് പരീക്ഷാ പരിശീലന കേന്ദ്രം തുടങ്ങിയവ വിഭാവനം ചെയ്യുന്നു.

(സി) സ്ഥലം കൈമാറി കിട്ടുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ഡി) കേരള യൂണിവേഴ്സിറ്റിയിൽ അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് സഹായധനമായി അഞ്ചുലക്ഷം രൂപ പട്ടികജാതി വികസന ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. തുക കൈമാറിയിട്ടില്ല.

(ഇ) നിയമസഭാ സമുച്ചയത്തിനു മുന്നിൽ അംബേദ്കർ പ്രതിമ സ്ഥാപിക്കുന്നതു സംബന്ധിച്ച കാര്യം ഇപ്പോൾ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിഗണനയിലാണ്.

കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട്

123 [280] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ധനസഹായം ഏത് വർഷം വരെയുള്ളത് കൊടുത്തുതീർത്തിട്ടുണ്ട്;

(ബി) 2001-2002 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ വർഷത്തെ ആനുകൂല്യമാണ് നൽകാനുള്ളത്;

(ഇ) കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ആനുകൂല്യം കുടിശ്ശിക തീർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly